# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 91 — 21.03.2013ൽ മറുപടിക്ക്

## പീപ്പിൾസ് ബസാറുകൾ

**ചോദ്യം**

ശ്രീ. ഐ.സി. ബാലകൃഷ്ണൻ :
,, ഡൊമിനിക് പ്രസന്റേഷൻ:
,, വി.റ്റി. ബൽറാം :
,, ആർ. സെൽവരാജ് :

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി )

(എ) സംസ്ഥാനത്തെ സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് അവയെ പീപ്പിൾസ് ബസാറുകളാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;
(ബി) പ്രസ്തുത പ്രക്രിയ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ;

(എ) & (ബി)
സംസ്ഥാനത്തെ 25 ലക്ഷത്തിലധികം വിറ്റുവരവുള്ള സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് അവയെ പീപ്പിൾസ് ബസാറുകളാക്കുന്ന നടപടികൾ നിലവിലുണ്ട്.

(സി) ഇതുകൊണ്ട് ജനങ്ങൾക്കുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്;

(സി) പരമാവധി എല്ലാ നിത്യോപയോഗ സാധനങ്ങളും പൊതുജനങ്ങൾക്ക് ആവശ്യമുള്ള മറ്റ് എല്ലാ ഉൽപ്പന്നങ്ങളും ആധുനിക സൗകര്യങ്ങളോടെ ഒരു കുടക്കീഴിൽ തന്നെ വളരെ കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് പീപ്പിൾസ് ബസാറുകൾ വഴി ലഭ്യമാക്കുന്നു.

(ഡി) എല്ലാ നിത്യോപയോഗ സാധനങ്ങളും പീപ്പിൾസ് ബസാറുകൾ മുഖേന ലഭ്യമാക്കുമോ?

(ഡി) എല്ലാ നിത്യോപയോഗ സാധനങ്ങളും പീപ്പിൾസ് ബസാറുകളിൽ ലഭ്യമാണ്.

Beenan

സെക്ഷൻ ഓഫീസർ